## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 514

26/10/2016-ൽ മറുപടിയ്ക്ക്.

## സമഗ്ര ക്ഷീരവികസന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ജെയിംസ് മാത്യൂ.<br>ശ്രീ.കെ ആൻസലൻ<br>ശ്രീ. ജോർജ് .എം.തോമസ്<br>ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | സമഗ്ര ക്ഷീരവികസന പദ്ധതി (മിൽക്ക് ഷെഡ്) പ്രകാരം നടപ്പിലാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) | M.S.D.P (മിൽക്ക് ഷെഡ് വികസന പദ്ധതി ) പദ്ധതിയുടെ ഭാഗമായ സമഗ്ര ക്ഷീരവികസന പദ്ധതി (IDDP) പ്രകാരം ഡയറി യൂണിറ്റ്, കാലിത്തൊഴുത്ത് നിർമ്മാണം, കറവയന്ത്രം, ആവശ്യാധിഷ്ഠിത സഹായം, തീറ്റപ്പുൽ കൃഷി എന്നിവയ്ക്ക് ധനസഹായം നൽകുന്നു. 2016-17 വർഷം എറണാകുളം, കൊല്ലം ജില്ലകളിൽ ആണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. |
| (ബി) | മുൻസർക്കാർ കഴിഞ്ഞ വർഷം ക്ഷീരവികസനത്തിനായി നീക്കിവച്ചിരുന്ന തുക എത്രയെന്നും അതിൽ ചെലവഴിച്ച തുക എത്രയെന്നും അറിയിക്കാമോ; | (ബി) | 2015-16 വർഷം 7900 ലക്ഷം രൂപ ക്ഷീരവികസനത്തിനായി നീക്കിവച്ചിരുന്നു. ഇതിൽ 7775.09 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കേരള മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന് (മിൽമ) കേന്ദ്രവിഹിതമായി വിവിധ പദ്ധതികൾക്കായി 2488.240 ലക്ഷം രൂപയും നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം മൃഗസംരക്ഷണത്തിനും ക്ഷീരവികസനത്തിനുമായി കേന്ദ്രസർക്കാർ സഹായം ലഭ്യമാണോ; എങ്കിൽ ആയത് ഏതൊക്കെ ആവശ്യത്തിനാണെന്ന് അറിയിക്കാമോ? | (സി) | ലഭ്യമാണ്. ആർ.കെ.വി.വൈ (രാഷ്ട്രീയ കൃഷി വികാസ് യോജന )പദ്ധതി പ്രകാരം ലഭ്യമായ തുക ഒരു ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതി, ശുദ്ധമായ പാലുല്പാദന കിറ്റ്, നിറവ് പദ്ധതി, ഡെയറി യൂണിറ്റ് സ്ഥാപിക്കൽ എന്നിവയ്ക്കാണ് ഫണ്ട് വിനിയോഗിച്ചത്. ആർ.കെ.വി.വൈ പദ്ധതി പ്രകാരം മൃഗസംരക്ഷണ വകുപ്പിന് താഴെ പറയുന്ന കാര്യങ്ങൾക്ക് സഹായം ലഭ്യമാണ്.<br>1. പാൽ ഉല്പാദനം<br>2. മുട്ട ഉല്പാദനം, മാംസം ഉല്പാദനം<br>3. ആട്ടു വളർത്തൽ,പന്നിവളർത്തൽ<br>4. മൃഗചികിത്സ സേവനം<br>5. കന്നുകാലികളുടെ ജനിതകക്ഷമത വർദ്ധിപ്പിക്കൽ<br>6. തീറ്റപ്പുൽകൃഷി<br>7. ഫാമുകളുടെ ശക്തീകരണം<br>8. വാക്സിൻ നിർമ്മാണം<br>9. കൃത്രിമ ബീജധാനം<br>7. രോഗനിർണ്ണയം<br>ഡയറികളുടെയും കാലിത്തീറ്റ ഫാക്ടറികളുടെയും വികസന പ്രവർത്തനങ്ങൾക്കായി രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം (R.K.V.Y) മിൽമയ്ക്കും കേന്ദ്ര സർക്കാർ സഹായം ലഭ്യമാക്കുന്നുണ്ട്. 2015-16 വർഷത്തിൽ മൊത്തത്തിൽ 1471 ലക്ഷം രൂപ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം മിൽമയ്ക്ക് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.